# കേരള സർവകലാശാല

നം. പി.ആർ.073/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സർട്ടിഫിക്കറ്റ്/ഡിപ്ലോമ കോഴ്സുകൾ : തീയതി നീട്ടി

കേരള സർവകലാശാല റഷ്യൻ പഠനവകുപ്പ് 2016-17 അധ്യയനവർഷത്തിൽ നടത്തുന്ന റഷ്യൻ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഇന്റഗ്രേറ്റഡ് കോഴ്സുകളിലേക്ക് മേയ് 21 വരെ അപേക്ഷിക്കാം.

### ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സ് : തീയതി നീട്ടി

കേരള സർവകലാശാല ജൻമ്മൻ പഠനവകുപ്പ് 2016-17 അധ്യയനവർഷത്തിൽ നടത്തുന്ന ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സിന് മേയ് 21 വരെ അപേക്ഷിക്കാം.

### ബി.എ ഓണേഴ്സ് വൈവ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷയുടെ വൈവ മേയ് 11-ന് ഗവ. വിമൻസ് കോളേജിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ബി.എൽ ഫലം

കേരള സർവകലാശാല 2015 ആഗസ്റ്റിൽ നടത്തിയ ആറാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് മേയ് 30 വരെ അപേക്ഷിക്കാം.

### എൽ.എൽ.ബി പുനർമൂല്യനിർണ്ണയം

കേരള സർവകലാശാല 2015 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.ബി യൂണിറ്ററി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ മേയ് 10 മുതൽ 18 വരെ വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയം ഹാൾടിക്കറ്റും തിരിച്ചറിയൽ കാർഡുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
09.05.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098